"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-ആലപ്പുഴ ജില്ലയിലെ കായംകുളം കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് അംഗമായ ശ്രീ. അജയൻ അമ്മാസിന് ചികിത്സാ ധനസഹായമായി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അനുവദിക്കുന്നതിന് യഥേഷ്ട അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1381/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/07/2021

---

പരാമർശം:- കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 09/02/21, 29/06/21 തീയതികളിലെ K3.130(1)21 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ കായംകുളം കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് അംഗമായ ശ്രീ. അജയൻ അമ്മാസ് കോവിഡ്-19 ബാധിതനായതിനെ തുടർന്ന് അനുബന്ധ രോഗങ്ങളാൽ ഇരു കാലുകളും തളർന്ന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സയിലാണെന്നും നിർധന കുടുംബാഗമായ ഈ അംഗത്തിന് ചികിത്സാ ധനസഹായമായി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ 08/01/2021 ലെ 6(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശ പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് അംഗമായ ശ്രീ. അജയൻ അമ്മാസിന് ചികിത്സാ ധനസഹായമായി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് യഥേഷ്ട അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
പ്രസിഡണ്ട്/സെക്രട്ടറി, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, കായംകുളം, ആലപ്പുഴ ജില്ല.
ശ്രീ. അജയൻ അമ്മാസ്, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് അംഗം ( ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh Kumar
Date: 28-07-2021 15:47:06
സെക്ഷൻ ഓഫീസർ
Reason: Approved